# Luke 1/26-38

സഖറിയായ്ക്ക് ദർശനവും ദിവ്യ സന്ദേശവും നല്കിയതിന് ആറ് മാസങ്ങൾക്ക് ശേഷം ദൈവം തന്റെ ദൂതനെ ഗലീലിയിലെ ഒരു ചെറുഗ്രാമമായ നസറസ്സിൽ ജീവിച്ചിരുന്ന, പുണ്യങ്ങളാൽ നിറഞ്ഞവളായ മറിയത്തിനടുത്തേക്ക് തന്റെ വചനവുമായി അയച്ചു. ദൂതൻ മറിയതത്തിനരുകെയെത്തി "നന്മനിറഞ്ഞവളേ "എന്ന് വിളിച്ചുകൊണ്ട് അവളെ അഭിവാദനം ചെയ്തു. ദൈവത്തിൽ നിന്ന് വന്ന ഈ അഭിവാദനത്തിന്റെയും അംഗികാരത്തിന്റെയും വചനംശ്രവിച്ച മറിയം തനിക്ക് ലഭിച്ച ഈ മഹാഭാഗ്യത്തിയും നന്മകളെയുംകുറിച്ച് അഹങ്കരിക്കുകയല്ല മറിച്ച് അസ്വസ്ഥയാവുകയാണ് ചെയ്തത് .ദൈവം അരുൾചെയ്യുന്ന വചനത്തിന് മുൻപിലും, അവൻ നമുക്ക് കനിഞ്ഞുനല്കുന്ന ഉയർച്ചകളിലും -താഴ്ചകളിലും ദൈവികമായ അസ്വസ്ഥയ്ക്ക് വിധേയനാവുകയാണ് ക്രിസ്ത്യാനി ചെയ്യേണ്ടതെന്ന് മറിയം നമ്മെ പഠിപ്പിക്കുന്നു.

അസ്വസ്ഥയായ മറിയം തനിക്ക് ലഭിക്കുന്ന ഈ വചനത്തിന്റെ അർത്ഥമെന്തെന്ന് മനസ്സിലാക്കാൻ ശ്രമിക്കുകയാണ് അടുത്തതായി ചെയ്യുന്നത്. വചനത്തിന്റെ അർത്ഥം തേടി അസ്വസ്ഥയായ മറിയത്തിന് ദൂതൻ അത് വ്യഖ്യാനിച്ച് കൊടുക്കുത്തു. മറിയം ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കാൻ പോവുകയാണ്. ഇസ്രായേൽ നൂറ്റാണ്ടുകളായി പ്രതീക്ഷയോടെ കാത്തിരുന്ന രക്ഷകന്റെ അമ്മയായി താൻ മറാൻ പോവുകയാണെന്ന് അവൾക്ക് മനസ്സിലായി.

യഹൂദമതത്തിന്റെ ചരിത്രത്തിലെ പ്രതിസന്ധിയുടെ ഘട്ടങ്ങളെയെല്ലാം അതിജീവിക്കുവാനും മതത്തെ നിരന്തരം പുനരുജ്ജ്ിവിപ്പിക്കാനും യഹൂദരെ സഹായിച്ചിരുന്നത് അവരുടെ രക്ഷകനെയും അവന്റെ മഹത്തരമായ രാജ്യത്തെയും കുറിച്ചുള്ള പ്രതീക്ഷകളായിരുന്നു. ദാവീദിന്റെ കുടുംബത്തിൽ പിറക്കാനിരിക്കുന്ന ഈ രക്ഷകൻ തന്റെ ജനത്തെ എല്ലാവിധ അടിമത്തങ്ങളിൽ നിന്നും മോചിക്കുകയും ദൈവികമായ ഒരു രാജ്യം സ്ഥാപിക്കുകയും ചെയ്യുമെന്നവർ കരുതിയിരുന്നു. ഇസ്രായേലിന്റെ ഈ പ്രതീക്ഷ വിളമ്പരം ചെയ്യുന്ന പല

ദൈവവചന ഭാഗങ്ങളുമുണ്ട്. ഉൽപ 49.10-ൽ യാക്കോബ് തന്റെ മക്കളെ അനുഗ്രഹിക്കുന്ന അവസരത്തിൽ യൂദായെ അനുഗ്രഹിച്ചുകൊണ്ട് പറയുന്നതിങ്ങനെയാണ്: (അധികാരത്തിന്റെ) ചെങ്കോൽ യൂദയായെ വിട്ടുപോവുകയില്ല. അതിന്റെ അവകാശി വന്നു ചേരുംവരെ അധികാരത്തിന്റെ ദണ്ഡ് അവന്റെ സന്തതികളിൽനിന്ന് നിങ്ങിപോവുകയില്ല. എന്നു പറഞ്ഞാൽ ദാവീദിന്റെ വംശത്തിൽനിന്ന് രാജ്യത്തിന്റെ നിത്യാവകാശി ഉദയം ചെയ്യുമെന്നർത്ഥം. സംഖ്യയുടെ പുസ്തകത്തിൽ (24.17-19) യാക്കോബിൽനിന്ന് ഒരു നക്ഷത്രമുതിക്കുമെന്നും ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരുമെന്നും ബാലാം പ്രവചിച്ചതു കാണാം 89-ാം സങ്കീർത്തനത്തിൽ (വാ. 3-4) കർത്താവ് ദാവീദിന് ഒരു നിത്യ രാജ്യം വാഗ്ദാനം ചെയ്തതായി നാം വായിക്കുന്നു. ദൈവം ദാവീദിന്റെ രാജ്യം സ്ഥിരമായി സ്ഥാപിക്കുമെന്നും എന്നേയ്ക്കും നിലനിൽക്കുന്ന ഒരു രാജ്യത്തിന്റെ ഭരണകർത്താവായിരിക്കും അവന്റെ സന്തതിയെന്നും നാഥാൻ പ്രവാചകനിലുടെ കർത്താവ് ദാവീദിനോട് അരുൾചെയ്തതായി സാമുവേലിന്റെ പുസ്തകം സാക്ഷിക്കുന്നു (2 സാമു 7.12-17).

ദൈവത്തിന്റെ വാഗ്ദാനം നിലനിൽക്കുന്നതുകൊണ്ട് ദാവീദിന്റെ സിംഹാസനം നിത്യമാണെന്നു കരുതിയ ചിലർ തിന്മചെയ്യാൻ മടികാണിക്കാതിരിക്കുകയും അനീതിയിലേയ്ക്കും വിഗ്രഹാരാധനയിലേക്കും തിരിയുകയും ചെയ്തു. അങ്ങനെയുള്ളവരെ രാജഭരണകാലത്തെ പ്രവാചകൻമാർ ശാസിക്കുന്നത് കാണാം. അവരുടെ തിന്മയ്ക്കുള്ള ശിക്ഷയായി ദൈവം ഇസ്രായേലിനെ നശിപ്പിക്കുമെന്നും എങ്കിലും തന്റെ വാഗ്ദാനത്തെപ്രതി രാജ്യം പുനഃസ്ഥാപിക്കുമെന്നും അവർ പ്രവചിച്ചു (ആമോ 9.11-12). ദൈവം വീണ്ടും സ്ഥാപിക്കുന്ന ഈ രാജ്യത്തിലെ ദാവിദിന്റെ വംശത്തിൽപ്പിറക്കുന്ന രാജാവ് സമാധാന രാജാവെന്നും ശക്തനായ ദൈവമെന്നും, നിത്യനായ പിതാവെന്നുമൊക്ക വിളിക്കപ്പെടുമെന്ന് ഏശയ്യാ പ്രവചിച്ചിരുന്നു (ഏശയ്യാ 9. 9-17). ജെസ്സെയുടെ (ദാവീദിന്റെ പിതാവ്) കുടുംബത്തിൽനിന്ന് ജനിക്കുന്ന ഈ രാജാവിന്റെ ഭരണകാലത്ത് മനുഷ്യൻ അന്നുവരെ അനുഭവിച്ചിട്ടില്ലാത്ത സമാധാനം ഉണ്ടാകുമെന്ന് പ്രവാചകൻ പറഞ്ഞിരുന്നു (ഏശ.11.1-9). വരാനിരിക്കുന്ന ഈ രാജാവ് ദാവീദിന്റെ പട്ടണമായ ബേത്‌ലഹെമിൽ ജനിക്കുമെന്ന് മിക്കായാ അറിയിച്ചു (5.2). വരാനിരിക്കുന്ന രാജാവിന്റെ കാലത്ത് നീതി പുഷ്പിക്കുമെന്ന്

ജെറമിയായും പ്രവചിച്ചിരുന്നു (23.4-7,33. 14-22). ബൈബിളിൽ വ്യക്തമായി കാണുന്ന ഈ പാരമ്പര്യങ്ങൾക്ക് പുറമെ മറ്റ് യഹൂദ ഗ്രന്ഥങ്ങളും രക്ഷകന്റെ വരവിനെ ആകാംക്ഷയോടെ കാത്തിരിക്കുന്ന വിശ്വാസിയുടെ ചിത്രം വരയ്ക്കുന്നുണ്ട്. രാജാക്കൻമാരുടെ കാലത്തിനുശേഷം വിപ്രവാസം അനുഭവിക്കുകയും തുടർന്ന് സ്വന്തം നാട്ടിൽ തിരിച്ചെത്തിയെങ്കിലും നിരന്തരം വിദേശ ആധിപത്യത്തിൻ കീഴിൽ കഴിയുകയും ചെയ്ത യഹൂദ ജനത്തിന്റെ ശുഭപ്രതീക്ഷകളുടെ ശ്രോതസ്സായിരുന്നു വരാനിരിക്കുന്ന രക്ഷകനെകുറിച്ചുള്ള ഈ കാഴ്ചപ്പാട്. വിശ്വാസിയെന്ന നിലയിൽ മറിയവും ആ പ്രതീക്ഷ പങ്കുവെച്ചിരുന്നു.- എന്നും വേണം കരുതാൻ. ആ മറിയത്തോടാണ് ദൂതൻ പറയുന്നത് ഇതാ ജനം മുഴുവനും, നീ തന്നെയും പ്രതീക്ഷയോടെ കാത്തിരുന്ന രക്ഷകന്റെ അമ്മയായി നീ മാറാൻ പോവുകയാണ് എന്ന് (ലുക്ക1.31-33).

ഈ സദ്വാർത്ത കേട്ട മറിയത്തിന് വീണ്ടും സംശയമായി. ഒരിക്കലും പുരിഷനെ അറിയാത്ത തന്നിലുടെ ഇതെങ്ങനെയാണ് സംഭവിക്കുക. മാനുഷികമായി പറഞ്ഞാൽ പുരുഷനെ അറിയാതെ സ്ത്രി ഗർഭിണിയാകുന്നില്ലല്ലോ. മറിയത്തിന്റെ ദൂതനോടുള്ള ഈ ചോദ്യത്തിൽപ്പോലും വെളിവാകുന്നത് മറിയത്തിന്റെ വിശ്വാസം തന്നെയാണ്. ദൂതൻ അരുൾചെയ്ത സദ്വാർത്ത അവൾ വിശ്വസിച്ചു. എന്നാൽ അതിന്റെ വിശദാംശങ്ങൾ അവൾക്ക് അറിയില്ലന്നുമാത്രം. വിശ്വാസത്തോടെയുള്ള സത്യാനോഷണത്തിന് ദൈവം ഉത്തരമരുളി. അപ്പോൾ മറിയം ശിരസ് നമിച്ച് ദൈവീക പദ്ധതിയ്ക്കായി സ്വയം സമർപ്പിച്ചു.

യഥർത്ഥ ക്രൈസ്തവ ജീവിതത്തിന്റെ മാതൃകയാണ് മംഗലവാർത്ത ശ്രവിച്ച് അതിനോട് ക്രിയാത്മകമായി പ്രതികരിക്കുന്ന മറിയത്തിന്റെ ജീവിതം. വചനം ജീവിക്കുക, വചനത്തിനായ് കാതോർക്കുക .കേൾക്കുന്ന വചനത്തിന്റെ അർത്ഥമെന്തെന്നമ്പേഷിക്കുക, വചനത്തിലുടെ വെളിവാക്കപ്പെടുന്ന ദൈവീക പദ്ധതികൾക്ക് മുന്നിൽ ജീവിതം മുഴുവൻ പൂർണ്ണ മനഃസ്സോടെ സമർപ്പിക്കുക. ഇതാണ് ക്രിസ്തുശിഷ്യന്റെ ദൗത്യം.

സുറിയാനി സഭാപിതാവായ വി. എഫ്രേം പറയുന്നതനുസരിച്ച് ദൈവവചനം ഒരു കണ്ണാടിയാണ്. കണ്ണാടിനോക്കാതെ പുറത്തിറങ്ങുന്ന മനുഷ്യരുണ്ടാവില്ല. ഉണ്ടെങ്കിൽതന്നെ അവരുടെ മുഖത്തെ വൈകൃതങ്ങളെകുറിച്ച് ബോധ്യമില്ലാത്തവരാണവർ. വചനമാകുന്നകണ്ണാടി

ക്രസ്ത്യാനികൾക്കുവേണ്ടി രണ്ട് ദൌത്യങ്ങളാണ് നിർവ്വഹിക്കുന്നത്. 1) നമുക്ക് വചനം നമ്മെതന്നെ കാണിച്ച് തരുന്നു (ഹെബ്രാ 4.12-13, കൊറി 4.5, യാക്കോ 1.22-24). ഓരോ ദിവസവും വചനമാകുന്ന കണ്ണാടിയിൽ നോക്കി ക്രിസ്ത്യാനി മുഖം (തന്റെ രൂപം) മിനുക്കുന്നവനാകണം. കണ്ണാടി നോക്കാത്തവന്റെ വൈകൃതങ്ങളെകുറിച്ച് അവനുതന്നെ നിശ്ചയമില്ല. 2) ഓരോ ദിവസവും വചനം വായിക്കുന്നതിലുടെയും ശ്രവിക്കുന്നതിലുടെയും ദൈവം ആരാണ് എന്ന് ക്രിസ്ത്യാനി കുടുതലായി പഠിച്ചുകൊണ്ടിരിക്കും. ദൈവത്തിന്റെ ഛായയെന്താണ് എന്ന് ഈ കണ്ണാടി നമുക്ക് കാണിച്ചുതരും. വാചനത്തെ ഉൾക്കാള്ളുന്നതനുസരിച്ച് ദൈവത്തിന്റെ രൂപം നമുക്ക് കുടുതൽ വ്യക്തമായികൊണ്ടിരിക്കും എന്ന് സാരം.

നാം ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണ്. ദൈവം തന്റെ ഇഷ്ടമനുസരിച്ച് നമ്മെ സൃഷ്ടിച്ചുവെങ്കിൽ സൃഷ്ടിയുടെ തന്നെ തുടർച്ചയായ ദൈവീക പദ്ധതികൾക്ക് നാം നമ്മെതന്നെ മറിയത്തെപ്പോലെ വിധേയരാക്കുബോഴാണ് ദൈവത്തിന്റെ പ്രവർത്തി ഫലമണിയുന്നത് എന്ന് പറയാം. താൻ കേട്ട വചനത്തിന്റെ അർത്ഥമന്വോഷിക്കുകയും ദൈവീക പദ്ധതിക്ക് മുന്നിൽ സ്വയം അർപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു മറിയത്തിന്റെ ആത്മീയതയുടെ അന്തഃസ്സത്ത. മറിയത്തെപ്പോലെ, ഓരോ ദിവസവും നമ്മെ അഭിമുഖികരിക്കുന്ന വചനത്തിനു മുന്നിൽ, അത് നമുക്ക് നമ്മെകുറിച്ചുതന്നെ വെളിപ്പെടുത്തുന്ന നന്മകൾക്കും അതുപോലെ അപൂർണ്ണതകൾക്കും മുന്നിൽ ക്രിസ്തിയമായ അസ്വസ്ഥതയാൽ നിറയേണ്ടവരാണ് നാം.

ക്രിസ്തീയ ജീവിതത്തിൽ നമുക്ക് വഴികാട്ടികളായ പലരും ഇപ്രകാരം വചനത്തിനുമുന്നിൽ അസ്വസ്ഥരായവരാണ്. പത്രോസിന്റെ ജീവിതത്തിലെ ഒരു പ്രഭാതത്തിൽ വചനം അവനെ അഭിമുഖീകരിച്ചു. വചനത്തിന്റെ സാമിപ്യത്തിലും വചനത്തിന്റെ ശക്തിയുടെയും മുന്നിൽ അസ്വസ്ഥനായ്തിർന്ന പത്രോസ് സ്വന്തം ഇല്ലായ്മയെയാണ് കണ്ടത്. വചനത്തെ സമീപിച്ചാൽ, വചത്തെനോക്കിയവൻ തന്റെ യഥാർത്ഥ രൂപം കണ്ടു. അവൻ വിളിച്ചുപറഞ്ഞു കർത്താവേ ഞാൻ പാപിയാണ്. എന്നിൽനിന്ന് അകന്ന് പോകണമേ. അന്ന് ദൈവകൃപയിൽ പത്രോസ് നടത്തിയ മീൻപിടുത്തത്തിന്റെ ഫലം വളരെ വലുതായിരുന്നെങ്കിലും ദൈവീക പദ്ധതിക്ക് സ്വയം അർപ്പിച്ച

പത്രോസ് എല്ലാം ഉപേഷിച്ച് ക്രിസ്തുവിന്റെ പിന്നാലെ പോയി (ലൂക്ക 5.1-11)

ലൌകിക സുഖങ്ങളിൽ മുഴുകി ജീവിച്ച വി. ആഗസ്തിനോസിനെ വചനം അഭിമുകരിച്ചത് മരുഭൂമിയിലെ വി. അന്തോനിസിന്റെ ജീവിതചരിത്രത്തിന്റെ രൂപത്തിലും തോട്ടത്തിൽ വെച്ച്കേട്ട ഒരു കുഞ്ഞിന്റെ ഗാനത്തിന്റെ രൂപത്തിലുമാണ്. അന്തോനിസിന്റെ ജീവിതചരിത്രംവായിച്ച് തന്റെ കുത്തഴിഞ്ഞ ജീവിതത്തെകുറിച്ച് അസ്വസ്ഥനായ ആഗസ്തീനോസ് എടുത്ത് വായിക്കുക എന്ന് പാടിയ കുഞ്ഞിന്റെ ഗാനത്തിനനുസൃതമായി അടുത്തിരുന്ന പുസ്തകം (ബൈബിൾ) വായിക്കുകയും റോമാക്കാർക്ക് എഴുതിയ ലേഖനം 13.13-14 വായിച്ച് അദ്ദേഹം തന്നെകുറിച്ചുള്ള ദൈവീക പദ്ധതി തിരിച്ചറിയുകയും തുടർന്ന് അതിനായി സ്വയം അർപ്പികകയും ചെയ്തു.

കൽക്കട്ടയിലെ തെരുവുകളിലെ പാവപ്പട്ടവന്റെ വേദനയുടെ രൂപത്തിലാണ് വചനം മദർതെരെസയെ സമീപിച്ചത്. അസ്വസ്ഥയായ മദർ ആ വചനത്തിനു പിന്നിൽ തനിക്കായി ദൈവം തയ്യാറാക്കിയ പദ്ധതിയെ തിരിച്ചറിയുകയും അതിനായി സ്വയം സമർപ്പിക്കുകയും ചെയ്തു.

നിത്യം ജീവിക്കുന്നവനായ ദൈവത്തിന്റെ വചനം ഇന്നും എന്നും നമ്മെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. അത് എഴുതപ്പെട്ട വചനത്തിന്റെ രൂപത്തിലാകാം, സമൂഹത്തിൽ നമുക്ക് ലഭിക്കുന്ന അംഗീകാരങ്ങളുടെയോ, സമൃദ്ധിയുടെയോ, സാമൂഹ്യമായ ഉന്നതിയുടെയോ രൂപത്തിലാകാം. അത് നമുക്ക് ലഭിക്കുന്ന കഷ്ടപ്പാടുകളുടെയും ദുരിതങ്ങളുടെയും സഹനങ്ങളുടെയും എളിമപ്പെടുത്തലുകളുടെയും രൂപത്തിലാകാം. വചനംമെന്തായിരുന്നാലും അത് നമ്മിൽ ദൈവീകമായ ഒരസ്വസ്ഥ ജനിപ്പിച്ചേ മതിയാവൂ. നമുക്ക് രൂപം നല്കിയവനായ ദൈവം നല്കുന്ന വചനത്തിനു മുൻപിൽ നിസ്സംഗത പാലിക്കുന്നതിനെക്കാൾ വലിയ നിസ്സംഗതയില്ല. നമ്മിലുള്ള നന്മകളെയാണ് ദൈവം നമുക്ക് കാണിച്ചുതരുന്നതെങ്കിൽ മറിയത്തെപ്പോലെ ഞാനെന്തുചെയ്യണം കർത്താവേ, എന്ന് ചോദിക്കാൻ നമുക്ക് കഴിയണം. മറിച്ച് നമ്മിലെ പോരായ്മകളാണ് വചനം നമുക്ക് കാണിച്ച് തരുന്നതെങ്കിൽ പത്രോസിനെയും ആഗസ്തിനോസിനെയുംപോലെ ജീവിതത്തിൽ തിരുത്തൽ വരുത്തികൊണ്ട് ദൈവീക പദ്ധതിക്കായ് സ്വയം സമർപ്പിക്കാൻ നമുക്ക് സാധിക്കണം. ദൈവരാജ്യം നമ്മിൽ

വിതയ്ക്കുന്ന ദൈവീകമായ അസ്വസ്ഥത ഈ നോമ്പുകാലത്ത് നമ്മെ ഇളക്കിമറിക്കാനും അത് നമുക്കും അന്യർക്കുമുള്ള മംഗളവാർത്തയായ് മാറാനും ഈ മംഗളവാർത്തക്കാലം നമ്മെ സഹായിക്കട്ടെ.

ഫാ. ആന്റിണി തറേക്കടവിൽ

www.sundaypulpit.in